

ഏപ്രിൽ 2025

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

2025 ലെ വലിയ നോമ്പിന്റെ ആദ്യ പകുതി നാം പിന്നിട്ടു. നോമ്പ് നാളുകൾ നമ്മെത്തന്നെ വിമലീകരിക്കുന്നതിനും അപരോന്മുഖ ജീവിതത്തിനായി നമ്മെ ഒരുക്കുന്നതിനും സമർപ്പിത ജീവിതം നയിക്കുന്നതിനും മുഖാന്തിരമാകണം. ഇനിയുള്ള ദിനങ്ങളിൽ യേശുകർത്താവിന്റെ പീഢാനുഭവത്തെയും ക്രൂശുമരണത്തെയും ഉയിർത്തെഴുന്നേല്പിനെയും അനുസ്മരിക്കുന്ന പീഢാനുഭവ വാരത്തോട് നാം അടുക്കുകയാണ്. യുദ്ധം, ക്ഷാമം,അഭയാർത്ഥി പ്രവാഹങ്ങൾ, വളരുന്ന മത വിദ്വേഷങ്ങൾ എന്നിവ ഒരു യാഥാർഥ്യമായി നമ്മുടെ ഇടയിൽ നിലനിൽക്കുന്നു. പ്രതിസന്ധികളുടെ മദ്ധ്യേയാണ് ക്രൂശുമരണത്തിന്റെയും ഉയർത്തെഴുന്നേല്പിന്റെയും പ്രസക്തിയേറുന്നത്. ഭീകര രാഷ്ട്രീയ, മത സ്വാധീനശക്തികളുടെ ഇരയായിത്തീർന്ന യേശു ചിലപ്പോഴെങ്കിലും താൻ ഒറ്റപ്പെട്ടുപോയോ എന്ന് ചിന്തിച്ചിട്ടുണ്ടാവും. ‘ദൈവമേ, ദൈവമേ നീ എന്നെ തള്ളിക്കളഞ്ഞത് എന്ത്’ എന്ന ചോദ്യം കുരിശിൽ ചോദിക്കുന്ന യേശു ഒറ്റപ്പെട്ടുപോകുന്ന മനുഷ്യ ജനതയോട് ഏകീഭവിക്കുകയാണ്. എന്നാൽ അടുത്ത നിമിഷം ദൈവീക സാന്നിധ്യത്തിൽ പ്രത്യാശ കണ്ടെത്തുന്ന ക്രിസ്തു ചരിത്രത്തിലുള്ള ദൈവീക ഇടപെടലുകളുടെ സാധ്യതയെ നമുക്ക് കാട്ടിത്തരുന്നു. മരണത്തെയും അതിന്റെ ശക്തിയെയും ക്രിസ്തു ആത്യന്തികമായി അതിജീവിച്ച ദിവസമാണ് ഈസ്റ്റർ. ഓരോ വിശ്വാസിക്കും അനുദിന ജീവിതാനുഭവമാകേണ്ട അതിജീവന ശക്തിയും ആന്തരിക പ്രേരണയുമാണ് ഉയിർപ്പ് അനുഭവം. പീഢാനുഭവ വാരത്തിലെ പ്രത്യേക ശുശ്രൂഷകളിൽ എല്ലാവരും ഒരുക്കത്തോടും പ്രാർത്ഥനയോടും സംബന്ധിക്കണം. നമ്മുടെ നോമ്പും ഉപവാസവും അപരന് ഉപകാരപ്രദമാകണം. നമുക്ക് ദൈവം നല്കിയ വകകളെ ദൈവത്തിന് യാഗമായി സമർപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. വിശുദ്ധവാരത്തിലെ പ്രത്യേക സ്തോത്രകാഴ്ചകളിലും ദുഖവെള്ളിയാഴ്ചയിലെ ധർമ്മശേഖരണത്തിലും എല്ലാവരും ആത്മാർഥമായി പങ്കെടുക്കുകയും സമൂഹത്തിലെ ദുഖിതർ, പീഡിതർ, അശരണർ എന്നിവർക്ക് അത്താണിയാകുകയും വേണം. അതിന് നമ്മെത്തന്നെ സമർപ്പിക്കാം. ഏവർക്കും ഈസ്റ്റർ ആശംസകൾ.

മദ്ധ്യപൂർവ്വേഷ്യയിൽ ജനുവരി 19-ന് നിലവിൽ വന്ന വെടിനിർത്തൽ കരാർ വീണ്ടും ലംഘിക്കപ്പെട്ടിരിക്കുന്നു. ഗാസയിൽ ഇസ്രായേൽ നടത്തിയ വൻ വ്യോമാക്രമണങ്ങളിൽ 400 ലധികം പേർ കൊല്ലപ്പെട്ടു എന്നത് സമാധാനം കാംക്ഷിക്കുന്ന ഏവരേയും നിരാശയിലാഴ്ത്തുന്നതാണ്. കൊല്ലപ്പെട്ടവർ ഏറെയും സ്ത്രീകളും കുട്ടികളുമാണ് എന്നത് ഏറെ ദുഖകരമാണ്. സമാധാനത്തിനായി ലോക രാഷ്ട്രങ്ങൾ ഒന്നായി പ്രവർത്തിക്കേണ്ട സമയമാണിത്. ക്രിസ്തു സഭയുടെ പിള്ളത്തൊട്ടിലായ മദ്ധ്യപൂർവ്വേഷ്യയിൽ ഇന്നത്തെ രക്തച്ചൊരിച്ചിൽ അവസാനിച്ച് അവിടെയുള്ള എല്ലാ വിഭാഗങ്ങളും സമാധാനത്തിലും സൗഹാർദ്ദത്തിലും ജീവിക്കുന്ന നാൾ വേഗം വരണമേ എന്ന് നമുക്കും പ്രാർത്ഥിക്കാം.

കേരളാ സെക്രട്ടേറിയേറ്റിനു മുന്നിൽ ആശാ വർക്കർമാരുടെ സമരം ഒന്നര മാസം കഴിഞ്ഞും തുടരുകയാണ്. തുച്ഛമായ വേതനം വർധിപ്പിക്കുന്നതടക്കമുള്ള അടിസ്ഥാന അവകാശങ്ങൾക്ക് വേണ്ടിയാണ് ഈ സ്ത്രീ തൊഴിലാളികൾ സമരം തുടരുന്നത്. സ്ത്രീകളുടെ അവകാശ സംരക്ഷണത്തിന് ഇന്ന് ഉയരേണ്ട ശബ്ദങ്ങളിൽ ഏറ്റവും ഉച്ചത്തിൽ മുഴങ്ങേണ്ടതാണ് ഇവരുടെ ആവശ്യങ്ങൾ. കേരളത്തിലെ അടിസ്ഥാന ജീവിത മേഖലകളിൽ മനുഷ്യർ എങ്ങനെയാണ് ജീവിക്കുന്നത് എന്നത് ഒരു സമൂഹമെന്ന നിലയിൽ നാം അന്വേഷിക്കേണ്ടതാണ്. ഇവരിൽ വിവിധ മേഖലകളിലെ സ്ത്രീകളുടെ അതിജീവനം ഒരു പ്രധാന വിഷയമാണ്. ആ സ്ത്രീകളിൽ ആദിവാസികളും ദലിതരും തൊഴിലാളികളും അടക്കമുള്ള കേരളത്തിന്റെ അടിസ്ഥാന വർഗം മുഴുവനുമുണ്ട്. ഈ സ്ത്രീകളെ കൂടി ചേർത്തുപിടിക്കുമ്പോഴാണ് നമ്മുടെ സമൂഹം പൂർണ്ണമാകുന്നത്. ആശാ വർക്കർമാരുടെ സമരത്തെച്ചൊല്ലി കേന്ദ്രവും സംസ്ഥാനവും പഴിചാരുന്നെങ്കിലും പ്രശ്നപരിഹാരം ആകുന്നില്ല. പൊരിവെയിലത്തും മഴയത്തും സെക്രട്ടറിയേറ്റിനു

മുന്നിൽ ആശാവർക്കർമാർ നടത്തുന്ന സമരം അനുഭാവപൂർവ്വം അവസാനിപ്പിക്കുവാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഒരുമിച്ചു പ്രവർത്തിക്കേണ്ട താണ്.

ഒരു അദ്ധ്യയന വർഷം കൂടി അവസാനിക്കുന്നു. സ്കൂൾ തലങ്ങളിൽ വാർഷിക പരീക്ഷകൾ കഴിഞ്ഞ് മദ്ധ്യവേനലവധിയിലേക്ക് നമ്മുടെ കുഞ്ഞുങ്ങൾ പ്രവേശിക്കുന്നു. കോളേജ് തലത്തിൽ യൂണിവേഴ്സിറ്റി പരീക്ഷകൾക്കും ഉന്നത വിദ്യാഭ്യാസത്തിനായുള്ള പൊതു പ്രവേശന പരീക്ഷകൾക്കും വിദ്യാർത്ഥികൾ തയാറെടുക്കുന്നു. അവധിക്കാലം വിദ്യാർത്ഥികൾ ക്രിയാത്മകമായി വിനിയോഗിക്കുവാൻ മാതാപിതാക്കളും പ്രത്യേകം ശ്രദ്ധിക്കണം. അവധിക്കാല വേദ പഠന ക്ലാസ്സുകൾ (വി. ബി. എസ്) ആരംഭിക്കുകയാണല്ലോ. കേരള യുണൈറ്റഡ് വി. ബി എസ് ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അവധിക്കാല വേദ പഠന ക്ലാസ്സിന്റെ പ്രധാന ചിന്താവിഷയം 'യേശു ജീവിത ശില്പി' (എഫേ. 2: 22) എന്നതാണ്. ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടും ക്രിസ്തുവിനോട് ചേർന്നും ജീവിതം കെട്ടുപണി ചെയ്യുന്നതിന് ഇളം തലമുറയെ സജ്ജമാക്കുക എന്നതാണ് ഈ പഠനത്തിലൂടെ ലക്ഷ്യമിടുന്നത്. അവധിക്കാല വേദപഠന ക്ലാസ്സുകൾ അനുഗ്രഹകരമായി നടത്തപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസിന്റെ 113-ാമത് സമ്മേളനം ഏപ്രിൽ 29 മുതൽ മെയ് 2 വരെ അടൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ തിരുവല്ലാ ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. എ. ഐ. (ആസ്പിരേഷൻസ് ആന്റ് ഇൻസ്പിരേഷൻസ്) ഫോർ ലൈഫ് എന്നതാണ് പ്രധാന ചിന്താവിഷയം. നമ്മുടെ സഭയിലെ തിരുമേനിമാരും, പ്രശസ്ത പരിസ്ഥിതി പ്രവർത്തക ശ്രീമതി മേധാ പട്കറും, വൈദീകരും, സീനിയർ ഫ്രണ്ട്സും വിവിധ സെഷനുകൾക്ക് നേതൃത്വം നല്കുന്നു. യൗവ്വന കാലത്ത് പലതരത്തിലുള്ള പ്രലോഭനങ്ങളുടെയും സ്വാധീനങ്ങളുടെയും മദ്ധ്യത്തിൽ ശരിയായ അഭിലാഷങ്ങളും പ്രചോദനങ്ങളും നല്കുക എന്നതാണ് സ്റ്റുഡന്റ്സ് കോൺഫറൻസിലൂടെ ലക്ഷ്യമിടുന്നത്. പ്ലസ് ടു പഠനം കഴിഞ്ഞ് റിസൽട്ട് പ്രതീക്ഷിക്കുന്നവരുൾപ്പെടെ എല്ലാ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും ഇതിൽ പങ്ക് ചേരാവുന്നതാണ്. പരമാവധി വിദ്യാർത്ഥികളെ പങ്കെടുപ്പിക്കത്തക്ക വിധം എല്ലാവരും ഉത്സാഹിച്ച് പ്രവർത്തിക്കണം.

ലഹരിയുടെ കയത്തിലാഴുകയാണ് കേരളം. കലാലയ ക്യാംപസുകൾ ലഹരിത്താവളമാകുന്ന കാഴ്ച അതിദയനീയമാണ്. വിപുലമായ ലഹരിശൃംഖലയിൽ സ്കൂൾ വിദ്യാർത്ഥികൾ പോലും അകപ്പെടുന്നു. ലഹരിയുടെ ഉപയോഗം സൃഷ്ടിക്കുന്ന വിഷാദം, ഏകാന്തത, അക്രമ വാസന, ആത്മഹത്യ പ്രേരണ എന്നിവയും ചെറുതായി കാണുവാൻ സാധിക്കുകയില്ല. അതിന്റെ ഫലമായി വിദ്യാർത്ഥികൾ സംഘടിക്കാനും ആയുധമെടുത്ത് പടനീക്കം നടത്താനും തെരുവിൽ തമ്മിൽത്തല്ലി നശിക്കാനുമുള്ള പ്രവണതകളും കൂടുന്നു. ലഹരിയുടെയും അക്രമ പ്രവണതയുടെയും കെണിയിൽ നിന്നും തലമുറയെയും നാടിനേയും രക്ഷപെടുത്തുവാൻ സഭയ്ക്കും സമൂഹത്തിനും സംഘടനകൾക്കും ഉത്തരവാദിത്വമുണ്ട്. സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി ബോധവത്ക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും, ജാഗ്രതാ സമിതികൾ രൂപവത്ക്കരിച്ച് അടിയന്തിര ഇടപെടലുകൾ നടത്തുകയും വേണം. ലഹരി വ്യാപനത്തിന്റെ പേരിൽ രാഷ്ട്രീയ ആരോപണ പ്രത്യാരോപണങ്ങൾ നടത്തുന്നത് ദൗർഭാഗ്യകരമാണ്. ഈ ദുരന്തത്തെ പൊതു സമൂഹം ഒരുമിച്ച് നേരിടുകയാണാവശ്യം. സാമൂഹ്യ ജാഗ്രത ശക്തമാക്കണം. ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങൾ ഭേദഗതി ചെയ്ത്, സർക്കാർ തലത്തിൽ വിട്ടുവീഴ്ച യില്ലാത്ത നിയമ-ശിക്ഷണ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കണം.

ബിഹേവിയറൽ പീഡിയാട്രിക്സിൽ ചികിത്സ തേടി വരുന്ന കുട്ടികളിൽ ഏതാണ്ട് 30-35 ശതമാനം പേരും അന്തഃച്ഛിദ്രം ബാധിച്ച കുടുംബങ്ങളിൽ നിന്നുള്ളവരാണ് എന്നത് നമ്മുടെ കണ്ണുതുറപ്പിക്കേണം. രാസലഹരിയിലമരുന്ന ഒരു സമൂഹത്തെ വീണ്ടെടുക്കുവാൻ വ്യത്യസ്ത മാർഗ്ഗങ്ങൾ രൂപപ്പെടുത്തിയെ മതിയാകു. പോലീസ്, എക്സൈസ് നടപടികൾ ശക്തിയായി തുടരുമ്പോൾ തന്നെ കുടുംബങ്ങളെ കെട്ടുപണിചെയ്യുന്ന പ്രക്രിയയിൽ നമുക്കു ഭാഗഭാക്കുകളാകാം. ഇടവക തലത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ കൂടിയോലോചിച്ച് നടപ്പിൽ വരുത്തണം. ഡി അഡിക്ഷൻ-കൗൺസിലിംഗ് പ്രോഗ്രാമുകൾ ശക്തിപ്പെടുത്തണം. സണ്ടേസ്കൂൾ, യുവജന സഖ്യം എന്നിവയിൽ കൂടി ലഹരിയുടെ കാണാക്കയങ്ങളെക്കുറിച്ചുള്ള അവബോധം തലമുറകളിൽ പകർന്ന് നല്കണം. റസ്പോൺസിബിൾ പേരന്റിങ്ങിനെ കുറിച്ചുള്ള പഠനങ്ങൾ സേവികാസംഘം, ഇടവക മിഷൻ എന്നിവയിലൂടെ നല്കണം. മദ്യവിരുദ്ധ സമിതിയുടെ അടിസ്ഥാന യൂണിറ്റ് ഇടവക തലത്തിൽ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചും ഈ തിന്മയെ ചെറുക്കാവുന്നതാണ്. ലഹരിക്കെതിരായ പോരാട്ടത്തിൽ സർക്കാരും മാധ്യമങ്ങളും നല്കുന്ന നേതൃത്വം അഭിനന്ദനാർഹമാണ്.

മാർത്തോമ്മാ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 22 ശനിയാഴ്ച തിരുവല്ല ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജിൽ വെച്ച് 'ഉന്നത വിദ്യാഭ്യാസത്തിന്റെ മാറുന്ന തലം' എന്ന വിഷയത്തെ അധികരിച്ച് അക്കാദമിക് കോൺഫറൻസ് നടത്തി. കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. കെ. കെ. സാജു കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ മേഖല ത്വരിത ഗതി

യിലുള്ള മാറ്റങ്ങൾക്ക് വിധേയമാകുകയാണെന്നും, അതിനനുസരിച്ച് നമ്മുടെ സ്ഥാപനങ്ങളും അദ്ധ്യാപകരും പ്രവർത്തിക്കണമെന്നുള്ള അദ്ദേഹത്തിന്റെ നിരീക്ഷണം വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. കേരളത്തിനുള്ളിലും പുറത്ത് നിന്നുമുള്ള അക്കാദമിക് വിദഗ്ദർ പഠന ഗവേഷണ മേഖലകളിലെ പുത്തൻ പ്രവണതകളെക്കുറിച്ചും സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന രീതികളെക്കുറിച്ചും അദ്ധ്യാപന രീതി മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും നൂതന ഉൾക്കാഴ്ചകൾ പങ്കിട്ടു. പുതിയ അക്രഡിറ്റേഷൻ രീതിയിൽ പരിശീലനം നല്കിയത് എല്ലാവർക്കും പ്രയോജനപ്പെടുമെന്ന് കരുതുന്നു. സജീവ സേവനത്തിൽ നിന്നും വിരമിച്ച പ്രധാനാദ്ധ്യാപകരെ സമ്മേളനത്തിൽ വെച്ച് ആദരിച്ചത് ഹൃദ്യമായ അനുഭവമായിരുന്നു.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ അത്യുന്നത പദവിയായ ശ്രേഷ്ഠ കാതോലിക്കായായി അഭിവന്ദ്യ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ സ്ഥാനാരോഹിതനായി. ശ്രേഷ്ഠമായ നിലയിൽ ഉന്നതവിദ്യാഭ്യാസം നേടുകയും തുടർന്ന് പൗരോഹിത്യശുശ്രൂഷയിലേക്ക് പ്രവേശിക്കുകയും ചെയ്ത തിരുമേനി മേൽപ്പട്ടത്ത സ്ഥാനത്ത് മുപ്പത് വർഷം അനുഗ്രഹകരമായ ശുശ്രൂഷ നിർവ്വഹിച്ചു. മെത്രാപ്പോലീത്തൻ ട്രസ്റ്റിയായും കാതോലിക്കോസ് അസിസ്റ്റന്റായും സുന്നഹദോസ് അധ്യക്ഷനായും ചലനാത്മകമായ നേതൃത്വമാണ് യാക്കോബായ സഭയ്ക്ക് അഭിവന്ദ്യ തിരുമേനി നൽകി വരുന്നത്. എക്യുമെനിക്കൽ മേഖലകളിലും സജീവവും ശ്രേഷ്ഠവുമായ നേതൃത്വം നൽകുന്നു. സഭയിലും സമൂഹത്തിലും നീതിയും സമാധാനവും സൗഹൃദവും പുലരുന്നതിന് ശക്തമായ നേതൃത്വം നൽകുവാൻ തിരുമേനിയെ തുടർന്നും ദൈവം ശക്തീകരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവായ്ക്കും മലങ്കര യാക്കോബായ സുറിയാനി സഭയ്ക്കും എല്ലാ നന്മകളും പ്രാർത്ഥനാശംസകളും അറിയിക്കുന്നു. മാർച്ച് മാസം 25 ന് ലെബനനിൽ വെച്ച് നടന്ന സ്ഥാനാരോഹണ ശുശ്രൂഷയിൽ മെത്രാപ്പോലീത്തായ്ക്ക് നേരിട്ട് സംബന്ധിക്കുവാൻ അസൗകര്യം ഉണ്ടായിരുന്നതിനാൽ മാർത്തോമ്മാ സഭയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്നതിന് അഭി. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായെയും, മാർച്ച് മാസം 30 ന് തീയതി കൊച്ചി പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ വെച്ച് നടത്തുന്ന സ്വീകരണ-അനുമോദന സമ്മേളനത്തിൽ അഭി. തോമസ് മാർ തിമൊഥെയോസ് തിരുമേനിയെയും മെത്രാപ്പോലീത്താ നിയോഗിച്ചു.

മാർച്ച് മാസം 4 മുതൽ ഏപ്രിൽ 2 വരെ നോർത്ത് അമേരിക്കയിലുള്ള ഡാലസ്, ഹ്യൂസ്റ്റൺ, ചിക്കാഗോ, ടൊറോണ്ടോ എന്നിവിടങ്ങൾ സന്ദർശിക്കുന്നതിനും അവിടെയുള്ള ഇടവകകളിൽ വിവിധ പരിപാടികൾക്ക് നേതൃത്വം നല്കുന്നതിനും സാധിച്ചു. സന്ദർശനങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്ക്കോപ്പാ തിരുമേനിയോടും അതാതിടങ്ങളിൽ ആതിഥ്യം നല്കിയ വൈദീകരോടും ഇടവക ഭാരവാഹികളോടുമുള്ള നന്ദി അറിയിക്കുന്നു. നോർത്ത് അമേരിക്ക ഭദ്രാസനത്തിന്റെ ആകമാന പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

വേങ്ങൽ ശാലേം മാർത്തോമ്മാ ഇടവകയുടെ നിലവിലുള്ള ദൈവാലയത്തിന്റെ പുനരുദ്ധാരണം നടന്നു വരികയാണ്. ഈ പ്രത്യേക സാഹചര്യത്തിൽ ആ ഇടവകയുടെ ആവശ്യം കണക്കിലെടുത്ത് വേങ്ങൽ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവക അവരുടെ ദൈവാലയം ശാലേം ഇടവകയുടെ ആരാധനാവശ്യങ്ങൾക്കായി വിട്ടു നൽകി. ഇപ്പോൾ ശുശ്രൂഷകൾ നടത്തിവരുന്നത് സെന്റ് മേരീസ് പള്ളിയിലാണ്. ഇത് പ്രാദേശിക തലത്തിൽ എക്യൂമെനിസത്തിന്റെ അടയാളവും അനുകരണീയമായ ഒരു മാതൃകയുമാണ്. തിരുവല്ല അതിരൂപതാ ആർച്ച് ബിഷപ്പ് അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായോടും സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവക വികാരി ഫാ. ആന്റണി ചെത്തിപ്പുഴ അച്ചനോടും സഭയുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ വൈദീകരായ റവ. സി. സി. മാമ്മൻ, റവ. ഡോ. പി. എം. മാത്യു (പൂവൻപാറ) എന്നിവരും കുമ്പനാട് ശാലേം മാർത്തോമ്മാ ഇടവക വികാരി റവ. ജയിംസ് ജോർജ്ജും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. കർത്താവേല്പിച്ച ശുശ്രൂഷ അനുഗ്രഹകരമായി നിർവ്വഹിച്ച വൈദീക ശ്രേഷ്ഠരായിരുന്നു അവർ. അവരുടെ ധന്യമായ ജീവിതത്തെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും മാർത്തോമ്മാ സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഏപ്രിൽ മാസ ഞായറാഴ്ചകളിൽ യേശുവിന്റെ യെരുശലേമിലേക്കുള്ള യാത്രയും, വിശുദ്ധ വാര സംഭവങ്ങളും ഉയർത്തെഴുന്നേല്പും, പ്രത്യക്ഷതകളും നാം ധ്യാനിക്കുന്നു. യേശുവിനോടൊപ്പം കാൽവരിയിലേക്കു യാത്ര ചെയ്യാനും അവിടുത്തെ കഷ്ടാനുഭവങ്ങളിൽ പങ്കാളികൾ ആകാനും ഉയിർത്തെഴുന്നേൽപ് അനുഭവമാക്കുവാനും നമുക്ക് ഇടയാകട്ടെ.

ഏപ്രിൽ ആറ്, മുപ്പത്താറാം ഞായറാഴ്ച 'ജീവിതത്തിനു നവദർശനം നൽകുന്ന യേശു' എന്ന വിഷയമാണ് ധ്യാനിക്കുന്നത്. യെരുശലേമിലേക്കുള്ള യാത്രാമദ്ധ്യേ, യെരിഹോവിലൂടെ കടന്നു പോയ യേശുവിനോടു ബർത്തിമായി എന്ന കുരുടൻ സൗഖ്യത്തിനായി നിലവിളിക്കുന്നതും കർത്താവ് അവന് സൗഖ്യം നൽകുന്നതുമാണ് ഏവൻഗേലിയോന്റെ ഇതിവൃത്തം. യേശുവിനെ ദാവിദ് പുത്രൻ എന്നു ഏറ്റുപറയാൻ ഉൾവെളിച്ചം ലഭിച്ചവന് പുറം കണ്ണിന്റെ

കാഴ്ച ലഭിച്ചപ്പോൾ യേശുവിനെ അനുഗമിച്ചു എന്നത്, ചിന്തനീയമാണ്. സ്വയമായി ലോകം കാണുന്നതിനേക്കാൾ ക്രിസ്തു കേന്ദ്രീകൃതമായി ലോകത്തെ കാണുവാൻ അയാൾ ശ്രമിച്ചു. അങ്ങനെ ലോകത്തെ കാണാൻ ഉള്ള തുറവി ഉണ്ടാകുമ്പോഴാണ് മനുഷ്യ വ്യക്തിത്വങ്ങൾ പൂർണതയുള്ളവ ആകുന്നത്.

ഏപ്രിൽ 13 ഞായറാഴ്ച ഹോശാന പെരുന്നാൾ കൊണ്ടാടുകയാണല്ലോ. 'ഇപ്പോൾ രക്ഷിക്ക' എന്ന മുറവിളിയാണ് അന്ന് യെരുശലേം തെരുവീഥിയെ പ്രകമ്പനം കൊള്ളിച്ചത്. യേശുവിന്റെ രക്ഷാകര സാന്നിധ്യം അനുഭവം ആകുന്ന എല്ലാ സന്ദർഭങ്ങളിലും 'ഇപ്പോൾ രക്ഷിക്ക' എന്നു കർത്താവിനോട് അപേക്ഷിക്കുകയാണ് ആവശ്യം. എല്ലാ കാലത്തേക്കാളും യേശുവിന്റെ രക്ഷാകരഇടപെടലുകൾ ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിൽ നാം ആയിരിക്കുമ്പോൾ മനഃപൂർവമായി അപ്രകാരം പ്രാർത്ഥിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഏപ്രിൽ 20 ന് ഉയിർപ്പു പെരുന്നാൾ സഭ കൊണ്ടാടുന്നു. മരണ ശക്തികൾ വിജയിച്ചു എന്ന് തോന്നിപ്പോയ സന്ദർഭമായിരുന്നു ദുഃഖ വെള്ളിയാഴ്ച ഉണ്ടായത്. എന്നാൽ, മരണമല്ല, ജീവനാണ് യാഥാർഥ്യമെന്നു ലോകത്തോടു പ്രസ്താവിച്ച സംഭവം ആണ് ഉയർത്തെഴുന്നേൽപ്പ്. നിരാശ ബാധിച്ചു, കതകടച്ചും പിന്മാറ്റത്തിൽ പലായനം ചെയ്തു കഴിഞ്ഞ എല്ലാവരോടും, ജീവൽ ശക്തിയുടെ പുതുക്കം അറിയിക്കുകയാണ് പുനരുത്ഥാന പെരുന്നാൾ. മതേതര സമൂഹത്തെപ്പോലും പ്രചോദനം കൊള്ളിക്കാനും ആവേശഭരിതരാക്കാനും ഉയർപ്പ് എന്ന ആശയം മുഖാന്തിരമായിട്ടുണ്ട്. യേശുവിന്റെ ജീവനെ നമ്മുടെ മർത്യ ശരീരങ്ങളിൽ വഹിക്കുന്ന നാം എത്രയധികം ഈ പെരുന്നാളിൽ പ്രത്യാശയും പുതു ശക്തിയും പ്രാപിക്കേണ്ടതുണ്ട് എന്നു ധ്യാനിക്കേണ്ടതല്ലേ?

ഏപ്രിൽ 27 ഞായറാഴ്ച പുതു ഞായറാഴ്ച ആണല്ലോ. 'കാഴ്ചക്കപ്പുറമുള്ള വിശ്വാസ നിശ്ചയം' എന്ന വിഷയം ആണ് സഭ ധ്യാനിക്കുന്നത്. വിശ്വാസം എന്നത് ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു എന്ന് എബ്രായ ലേഖന കർത്താവ് പ്രസ്താവിക്കുന്നുവല്ലോ. ലോകത്തിൽ മനുഷ്യനായി ജനിച്ചു മരിച്ച് ഉയിർത്തെഴുന്നേറ്റവൻ ദൈവം തന്നെയെന്ന് പ്രസ്താവിക്കുന്നതാണ് വിശ്വാസം. തോമസ് അപ്പോസ്തലൻ 'എന്റെ കർത്താവും ദൈവവുമേ' എന്ന് യേശുവിനെ ഏറ്റു പറഞ്ഞത് യേശുവിലുള്ള ദൈവത്വത്തിന്റെ ആഘോഷം ആയി തീർന്നുവല്ലോ. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനുമായി യേശുവിനെ ഏറ്റുപറയുന്നവർക്കാണ് കേവല കാഴ്ചകൾക്കപ്പുറം വിശ്വാസ ദർശനമുണ്ടായി ജീവിതത്തെ ദൈവ ബന്ധത്തിൽ നിലനിർത്തുവാൻ സാധിക്കുന്നത്. ഈ വർഷത്തെ വിശുദ്ധ വാരത്തിന്റെ ആചരണം വിശ്വാസത്തിൽ വളരുവാൻ നമുക്ക് മുഖാന്തിരമായി ഭവിക്കട്ടെയെന്ന് ആഗ്രഹിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

പൂലാത്തീൻ
27.03.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**

## 2025 ഫെബ്രുവരി 18–ാം തീയതി തിരുവല്ല പൂലാത്തീനിൽ ചേർന്ന എപ്പിസ്ക്കോപ്പൽ സിനഡിന്റെ തീരുമാന പ്രകാരം മാർത്തോമ്മാ മെത്രാപ്പോലീത്താ അറിയിക്കുന്നത്

1. ചുമതലാ സ്ഥാനത്തിലും ഔദ്യോഗിക കർത്തവ്യ നിർവ്വഹണത്തിലും മാർത്തോമ്മാ സഭാ സെക്രട്ടറിയുടെ സ്ഥാനം വികാരി ജനറലിന്റെ പദവിയേക്കാൾ ഉയർന്നതാണ്.
2. വികാരി ജനറൽമാരുടെ നിരയിൽ പ്രഥമസ്ഥാനം സീനിയർ വികാരി ജനറലിനാണ്.
3. വികാരി ജനറൽ സജീവ സേവനത്തിൽ നിന്നും വിരമിച്ച ശേഷം ആരാധനകളിൽ പങ്കെടുക്കുമ്പോൾ, പട്ടക്കാരുടെ സീനിയോറിറ്റി അനുസരിച്ച് സ്ഥാനം ക്രമീകരിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്. അങ്ങനെയുള്ള അവസരങ്ങളിൽ സന്നിഹിതനായിരിക്കുന്ന സീനിയർ പട്ടക്കാരൻ/കാർമ്മികൻ കൗമ്മാ, ആശീർവ്വാദം എന്നിവയ്ക്ക് നേതൃത്വം നല്കേണ്ടതാണ്.
4. വിശുദ്ധ കുർബ്ബാന ശുശ്രൂഷയിൽ വാഴ്ത്തിയ അപ്പം വികാരി ജനറൽ നല്കേണ്ടി വരുമ്പോൾ അദ്ദേഹം കാപ്പാ ധരിച്ചിരിക്കണം.

ഈ തീരുമാനങ്ങൾ 2025 ഏപ്രിൽ 01 മുതൽ നിലവിൽ വരുന്നതാണ്.

27.03.2025, തിരുവല്ല

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**